# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 28.07.2023 മുതൽ 01.08.2023 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 30/2023 (60) വ്യാഴാഴ്ച | തീയ്യതി 27/07/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 28.07.2023 | 29.07.2023 | 30.07.2023 | 31.07.2023 | 01.08.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 7 | 6 | 6 | 5 | 7 |
| ഉയർന്ന താപനില (°C) | 29 | 31 | 31 | 31 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 83 | 83 | 83 | 83 | 83 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 5 | 8 | 4 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 290 | 320 | 340 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ മഴയുടെ തീവ്രത കുറഞ്ഞു വരാൻ സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | ഞാറു പരുവം | ഇപ്പോൾ കാലാവസ്ഥ അനുകൂലമായതിനാൽ വെള്ളപ്പൊക്കത്തിൽ ഞാറുകൾ നഷ്ടപ്പെട്ട സ്ഥലങ്ങളിൽ വീണ്ടും വിതക്കാവുന്നതാണ്. പൊക്കാളി നെൽവിത്ത് (വൈറ്റില-8, 10) നെല്ല് ഗവേഷണ കേന്ദ്രം വൈറ്റിലയിൽ ലഭ്യമാണ്. |
| നെല്ല് (വിരിപ്പ്) | ബാക്റ്റീരിയൽ വാട്ടം | പ്രതിരോധ മാർഗമെന്നോണം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ വെള്ളരിവർഗ്ഗ വിളകൾ | മൃദുരോമ പൂപ്പൽ | 2.5 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലയുടെ അടിയിൽ കൂടി വീഴുന്ന വിധം തളിക്കുക. |
| ഇഞ്ചി / മഞ്ഞൾ | മൃദു ചീയൽ, ഇലപ്പുള്ളി രോഗം | പ്രതിരോധ നടപടിയെന്നോണം സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ തളിക്കുകയും ചുവട്ടിലൊഴിക്കുകയും ചെയ്യുക |
| കുരുമുളക് | ധ്രുത വാട്ടം | രോഗം വരാതിരിക്കാൻ ഓരോ കുരുമുളക് ചെടിക്കും 2.5 കി.ഗ്രാം. വീതം ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം നൽകുക. |

മത്സ്യകൃഷി:- ആസ്സാം വാള / മലേഷ്യൻ വാള / ക്ലറി വാള എന്നറിയപ്പെടുന്ന പങ്കാഷ്യസ് മത്സ്യങ്ങൾ സെന്റിന് 500 എണ്ണം എന്ന തോതിൽ സ്റ്റോക്ക് ചെയ്യാവുന്നതാണ്. അവയ്ക്ക് അന്തരീക്ഷത്തിൽ നിന്ന് ഓക്സിജൻ വലിച്ചെടുക്കാനുള്ള കഴിവുണ്ട്.